**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2292** **21-06-2024 - ൽ മറുപടിയ്ക്ക്**

**ഹരിത കർമ്മസേനകളുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിത കർമ്മസേന പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്നും ഹരിതകർമ്മസേന നിലവിൽ വരാത്ത എത്ര സ്ഥാപനങ്ങൾ ഉണ്ടെന്നുമുള്ള ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹരിതകർമ്മസേന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ സംസ്ഥാനത്ത് എത്ര ഹരിത കർമ്മസേനാംഗങ്ങൾ ഉണ്ടെന്നും 2021-22 മുതൽ 2023-24 വരെ ഹരിത കർമ്മസേന വഴി എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും അറിയിക്കാമോ; | (ബി) | സംസ്ഥാനത്ത് 36510 പേർ ഹരിതകർമ്മ സേനാംഗങ്ങളായി പ്രവർത്തിക്കുന്നു.<br><br>ഹരിതകർമ്മ സേന നിലവിൽ സൂക്ഷ്മ സ്വയം തൊഴിൽ സംരംഭ മാതൃകയിലാണ് പ്രവർത്തിക്കുന്നത്. വീടുകൾ സ്ഥാപനങ്ങൾ മുതലായവയിൽ നിന്ന് ലഭിക്കുന്ന യൂസർ ഫീസ് പുനരുപയോഗ സാധ്യമായ പാഴ്വസ്തുക്കൾ കൈമാറുന്നതിലൂടെ ലഭിക്കുന്ന വരുമാനം, മറ്റ് സംരംഭ പ്രവർത്തനങ്ങൾ എന്നിവയിലൂടെ ലഭിക്കുന്ന തുക ഹരിത കർമ്മ സേന കൺസോർഷ്യം അംഗങ്ങൾ എന്നതിന് ആനുപാതികമായി വീതം വയ്ക്കുന്ന രീതിയിലാണ് പ്രവർത്തിക്കുന്നത്. ആയതിനാൽ തൊഴിൽദിനങ്ങൾ കണക്കാക്കി നൽകാൻ കഴിയുന്നില്ല. |
| (സി) | ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമവും കാലോചിതവുമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ഹരിതസേനാംഗങ്ങളുടെ ആരോഗ്യ പ്രവർത്തനങ്ങൾക്ക് സഹായങ്ങളും സുരക്ഷാ മാർഗ്ഗങ്ങളും ഇതുമായി ബന്ധപ്പെട്ട സേവനങ്ങളും ലഭ്യമാക്കൽ, ഇതിലേക്കായി പ്രാദേശിക സർക്കാർ ആശുപത്രിയുമായി സഹകരിച്ച് പ്രതിമാസ ആരോഗ്യ പരിശോധനയും ചികിത്സാ സംവിധാനവും ഉറപ്പുവരുത്തുക, സേനയ്ക്ക് ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ, ശുചിത്വ ഉപാധികൾ എന്നിവ ലഭ്യമാക്കുക, ഹരിത കർമ്മ സേനക്കും കൺസോർഷ്യത്തിനും ഓഫീസ് സംവിധാനം ഒരുക്കുക, സേനാംഗങ്ങളെ സഹായിക്കാൻ |

| | | | |
|---|---|---|---|
| | | | വാഹനങ്ങൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുക,, വാഹനം വാങ്ങി നൽകി ആവർത്തന ചെലവടക്കം വഹിക്കുകയോ, അല്ലാത്തപക്ഷം വാഹനം വാടകയ്ക്ക് എടുത്തു നൽകുക, ഹരിത കർമ്മസേനക്കാവശ്യമായ സ്ഥലസൗകര്യങ്ങൾ യന്ത്രസംവിധാനങ്ങൾ എന്നിവ ബന്ധപ്പെട്ട ഘടകങ്ങളിൽ നിന്നും ലഭ്യമാക്കി നൽകൽ, തുടങ്ങിയ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് .<br><br>ഹരിതകർമസേനയുടെ മാലിന്യ സംസ്കരണ മേഖലയിലെ ഇടപെടലുകൾ കാര്യക്ഷമമാക്കുന്നതിനു വിവിധ പരിശീലന പരിപാടികളാണ് നൽകി വരുന്നത്. ടി പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും വകുപ്പുകളുമായി സഹകരിക്കുന്നതിനും മാലിന്യ സംസ്കരണ മേഖലയിലെ വിവിധ കാര്യക്ഷമമായ പ്രവർത്തനത്തിനും ഏകോപനത്തിനും ഹരിതമിത്രം ആപ്പ് മോണിറ്ററിങ് സംവിധാനം ബ്ലോക്ക്, ജില്ലാ സംസ്ഥാന തലത്തിൽ നടപ്പിലാക്കി വരുന്നു . ഇതിനുപുറമേ വാതിൽപ്പടി ശേഖരണത്തിലൂടെ ലഭിക്കുന്ന അജൈവ പാഴ് വസ്തുക്കൾ ഉപയോഗിച്ച് ബാഗ്, കാർപ്പെറ്റ്, മുതലായവ നിർമ്മിച്ച് സ്വാപ് ഷോപ്പുകളിലൂടെ വിപണനം ചെയ്യുന്നതിനും, ശേഖരിക്കുന്ന കേടായ ഇലക്ട്രിക് ഉപകരണങ്ങളും മറ്റും റിപ്പയർ ഷോപ്പുകൾ വഴി റിപ്പയർ ചെയ്ത് വിപണനം നടത്തുന്നതിനും അതിലൂടെ അവരുടെ സാമൂഹിക സാമ്പത്തിക സ്ഥിതി<br>മെച്ചപ്പെടുത്തുന്നതിനുമാവശ്യമായ പരിശീലനവും നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ